മദ്യ വ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള സെസ്

145 (485) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യവ്യവസായ തൊഴിലാളികളെ പുരധിവസിപ്പിക്കാനുള്ള സെസ് ഇനത്തിൽ വിദേശമദ്യ വിൽപ്പനയിലൂടെ നാളിതുവരെ സമാഹരിച്ച തുക എത്രയാണ് ;

(ബി) ഇതിൽ എന്ത് തുക പുനരധിവാസത്തിനായി ചെലവഴിച്ചു ;

(സി) ബാറുകൾ അടച്ച് പൂട്ടിയതിനുശേഷം എത്ര മദ്യവ്യവസായ തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുള്ളതായി അറിയാമോ;

(ഡി) അപ്രകാരം ആത്മഹത്യ ചെയ്തവരുടെ കുടുംബത്തിനെ പുനരധിവാസ സെസ് ഇനത്തിൽ സമാഹരിച്ച തുകയിൽ നിന്നും നൽകിയ സഹായം എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മദ്യവ്യവസായ തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള 5% റീഹാബിലിറ്റേഷൻ സെസ് വഴി 2014 ഒക്ടോബർ വരെ കെ.എസ്.ബി.സി. 15.33 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) പുനരധിവാസ പദ്ധതി തയ്യാറാക്കിവരുന്നു.

(സി) ബാറുകൾ അടച്ച് പൂട്ടിയതിനുശേഷം 4 ബാർ ജീവനക്കാർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ഡി) സെസ് ഇനത്തിൽ സമാഹരിച്ച തുകയിൽ നിന്നും സഹായ ധനമൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly